# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2486** **14.06.2019 -ൽ മറുപടിക്ക്**

## ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. ഒ.ആർ. കേളു | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ഉത്തര വാദിത്ത ടൂറിസത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) ഉത്തരവാദിത്ത ടൂറിസം പദ്ധതികൾ കേരളത്തിൽ ആരംഭിച്ചത് 2008 ലാണ്. ആദ്യ ഘട്ടത്തിലെ നാല് കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷം 2011 ൽ പുതുതായി 3 കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് രണ്ടാം ഘട്ടം ആരംഭിച്ചു ഈ രണ്ടു ഘട്ടങ്ങളിലെയും പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചു. ടൂറിസം ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് മിഷൻ ഫലപ്രദമായി പ്രവർത്തിക്കുന്നത്. സ്റ്റേറ്റ് ആർ.ടി മിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഒരു ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പാലക്കാട്, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിലെല്ലാം ഡിസ്ട്രിക്ട്/ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാർ എന്നിവർ മിഷനിൽ പ്രവർത്തിക്കുന്നു. |
| ബി) ഇതിനായി രൂപീകരിച്ച ഉത്തരവാദിത്ത ടൂറിസം | ബി) സ്റ്റേറ്റ് ആർ.ടി മിഷൻ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ഒരു ഫിനാൻസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് |

മിഷന്റെ പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

ഓഫീസറും പാലക്കാട്, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളിൽ ഒഴികെ മറ്റ് ജില്ലകളിലെല്ലാം ഡിസ്ട്രിക്ട്/ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരും ഉത്തരവാദിത്ത ടൂറിസം മിഷനിൽ പ്രവർത്തിക്കുന്നു. ഇതു കൂടാതെ മിഷന്റെ വിവിധ പ്രവർത്തനങ്ങളിൽ സഹായിക്കുവാൻ പ്രദേശവാസികളായ 750 ആർ ടി റിസോർസ് പേഴ്സൺമാരെ തിരഞ്ഞെടുത്തു പരിശീലനം നൽകിയിട്ടുണ്ട്. മിഷന്റെ നേതൃത്വത്തിൽ ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന തരത്തിലുള്ള വിവിധ യൂണിറ്റുകളെ പരിശീലിപ്പിച്ചു ടൂറിസം വ്യവസായവുമായി ലിങ്ക് ചെയ്യുന്നു. നിലവിൽ വിവിധ മേഖലയിലുള്ള 15515 യൂണിറ്റുകൾ ആർ.ടി മിഷനിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ വിവിധ എക്സ്പീരിയൻസ് പാക്കേജുകളും നടത്തി വരുന്നു. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനവ്യാപകമാക്കുന്നതിന് ആർ.ടി. മിഷൻ നടപടികൾ സ്വീകരിച്ചു വരുന്നു.

സി) പ്രസ്തുത മിഷന് കീഴിൽ പുതിയ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്;

സി) ആർ.ടി. മിഷനിൽ യൂണിറ്റുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാ ഫോറം ആർ ടി മിഷൻ വെബ് സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്യുകയോ അതാതു കോ-ഓർഡിനേറ്റർമാരിൽ നിന്നോ കൈപ്പറ്റാവുന്നതാണ്. പ്രസ്തുത ഫോം പൂരിപ്പിച്ചു അതിൽ പറയുന്ന പ്രകാരമുള്ള രേഖകളും ഉള്ളടക്കം ചെയ്ത് സംസ്ഥാന മിഷൻ ഓഫീസിലോ അതാത് ജില്ലാ/ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരെയോ ഏൽപ്പിക്കാവുന്നതാണ്. യൂണിറ്റ് വെരിഫിക്കേഷന് ശേഷം ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഡി) പ്രസ്തുത പദ്ധതി പ്രകാരം പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ

ഡി) ലഭ്യമാണ്. വിവിധ മേഖലകളിലുള്ള 15515 യൂണിറ്റുകൾ ആർ.ടി മിഷനിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു. ഈ യൂണിറ്റുകളിലൂടെ പ്രത്യക്ഷമായി 29600 പേരും

| | | | |
|---|---|---|---|
| | നൽകാൻ സാധിച്ച എന്നതിന്റെ കണക്ക് ലഭ്യമാണോ; | | പരോക്ഷമായി 48990 പേരും ആർ.ടി മിഷൻ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളായിട്ടുണ്ട്. |
| ഇ) | ഉത്തരവാദിത്ത ടൂറിസം രംഗത്തെ മികച്ച പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഇ) | 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതിനുശേഷം 3 അന്താരാഷ്ട്ര അവാർഡുകളും 3 നാഷണൽ അവാർഡുകളും ഉൾപ്പെടെ 6 അവാർഡുകളാണ് കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്ക് ലഭിച്ചിരിക്കുന്നത്.<br>1. 2017 ൽ ഡബ്ല്യു.ടി.എം -ന്റെ ഹൈലി കമെൻഡഡ് അവാർഡ് - കുമരകം റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട്.<br>2. 2018 ലെ "ബെസ്റ്റ് ഇൻ റെസ്പോൺസിബിൾ ടൂറിസം" എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് - കേരള ടൂറിസം, റെസ്പോൺസിബിൾ ടൂറിസം മിഷൻ<br>3. വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്സ് 2018 ലെ "ബെസ്റ്റ് ഫോർ മാനേജിംഗ് സക്സസ്" - കുമരകം<br>4. 2018- ലെ ഇന്ത്യൻ റെസ്പോൺസിബിൾ ടൂറിസം അവാർഡ്-ൽ ഔട്ട്സ്റ്റാൻഡിംഗ് അച്ചീവ്മെന്റ് അവാർഡ് - കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ<br>5. നാഷണൽ ടൂറിസം അവാർഡ് 2015-16 ലെ " ബെസ്റ്റ് റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ഇൻ നിഷ് കാറ്റഗറി "യിൽ - കുമരകം ഉത്തരവാദിത്ത ടൂറിസം പദ്ധതി<br>6. നാഷണൽ ടൂറിസം അവാർഡ് 2016-17 ലെ "മോസ്റ്റ് റെസ്പോൺസിബിൾ ടൂറിസം പ്രോജക്ട് ഇനിഷ്യേറ്റീവ്" എന്ന വിഭാഗത്തിൽ വയനാട് ഉത്തരവാദിത്ത ടൂറിസം പദ്ധതി. |

സെക്ഷൻ ഓഫീസർ